പട്ടയം ലഭിക്കാത്ത കുടുംബങ്ങൾ

128 [1067] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ കുട്ടുലു വില്ലേജിലെ വർഷങ്ങളായി പട്ടയം ലഭിക്കാത്ത 69 കുടുംബങ്ങൾക്ക് പട്ടയം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വകുപ്പ് മന്ത്രിക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ :

(സി) ഇവർക്ക് പട്ടയം നൽകാൻ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ :

(ഡി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ കുട്ടുലു വില്ലേജിൽ റീ.സർവ്വേ നമ്പർ 218/2 ഭാഗത്തിൽപ്പെട്ട 4.66 1/4 ഏക്കർ കൈവശ സ്ഥലം പഞ്ചായത്ത് രാജ് നിയമത്തിന്റെ പരിധിയിൽ വരുന്ന മേച്ചിൽ പുറമ്പോക്ക് സ്ഥലമാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി ഡീവെസ്റ്റ് ചെയ്ത് കൈവശക്കാർക്ക് പതിച്ചു കൊടുക്കത്തക്കവിധത്തിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ നിർദ്ദിഷ്ട ഭൂമി കൈവശക്കാർക്ക് പതിച്ച് നൽകുവാൻ നിർവ്വാഹമുള്ളൂ.

തീരദേശത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

129 [1068] ശ്രീ. ടി. എൻ. പ്രതാപൻ :
" പ്രയാർ ഗോപാലകൃഷ്ണൻ :
" ബി. വിജയകുമാർ :
" പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണമെത്ര ; ഇവരിൽ പട്ടയം കിട്ടാൻ അർഹതയുള്ളവരായി എത്ര കുടുംബങ്ങൾ വരും ;

(ബി) ദീർഘകാലമായി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് കൈവശരേഖയും, പട്ടയം കിട്ടാനർഹതയുള്ളവർക്ക് പട്ടയവും കൊടുക്കാനുദ്ദേശമുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) എങ്കിൽ സമയപരിധി വച്ച് ഈ നടപടി പൂർത്തിയാക്കുമോ എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പുതുതായി നൽകിയ പട്ടയങ്ങൾ

130 [1069] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 2001-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ഇതുവരെ എത്ര വിസ്തൃതി സ്ഥലത്തിന് പുതുതായി പട്ടയം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ :

(ബി) ടി പട്ടയങ്ങൾ നൽകുവാൻ അവലംബിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ :

(സി) പ്രസ്തുത പട്ടയ വിതരണ പ്രകാരം, ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള സ്ഥലം ആർക്കാണ് നൽകിയതെന്ന് വിശദമാക്കുമോ :

(ഡി) ഇക്കാര്യത്തിനായി എത്ര അപേക്ഷകൾ ആണ് ആകെ ലഭിച്ചത് : ഇനി എത്ര എണ്ണം പരിഹരിക്കപ്പെടുവാൻ ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

യു.ഡി.സി., സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവരുടെ സ്ഥലംമാറ്റ വ്യവസ്ഥകൾ

131 [1070] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
.. എം. എ. വാഹീദ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

ജില്ലാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന സർക്കാർ ജീവനക്കാർക്ക് മാത്രമേ സ്വന്തം ഇഷ്ടപ്രകാരം അന്തർജില്ലാ സ്ഥലം മാറ്റം നൽകാവൂ എന്ന് വ്യക്തമായ വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ യു.ഡി.സി., സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവരുടെ സ്ഥലംമാറ്റം ഈ വ്യവസ്ഥയുടെ പരിധിയിൽ വരുമോ ?

ഉത്തരം

ജില്ലാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന എൻട്രി കേഡറിലുള്ള ജീവനക്കാർക്ക് ജി.ഒ. (എം.എസ്) 4/61/പി.ഡി. തീയതി 2-1-1961 അനുസരിച്ച് സ്വന്തം ഇഷ്ടപ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം നൽകി വരുന്നു. യു.ഡി.സി., സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവരുടെ സ്ഥലംമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly